# പതിമൂന്നാം കേരള നിയമസഭ

## (പന്ത്രണ്ടാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 131** **01/12/2014-ൽ മറുപടിയ്ക്ക്**

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന മണലൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ.**

**ചോദ്യം**

**ശ്രീ. പി. എ. മാധവൻ:**

(എ) കഴിഞ്ഞ 3 വർഷം മണലൂർ നിയോജക മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഏതെല്ലാം റോഡുകൾ പുനർ നിർമ്മിക്കുന്നതിനാണ് അംഗീകാരം നൽകിയതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണത്തിന് എത്ര തുക വീതം ചെലവഴിച്ചുവെന്നും ഇവയുടെ നിർവ്വഹണം ഇപ്പോൾ ഏതു ഘട്ടങ്ങളിലാണെന്നും വിശദമാക്കുമോ;

(സി) ഫിഷറീസ് - ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകൾ മുഖേന കഴിഞ്ഞ 3 വർഷങ്ങളിലായി മണലൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും ഇവയുടെ നിർവ്വഹണം ഏതു ഘട്ടത്തിലാണെന്നും വിശദമാക്കുമോ

**മറുപടി**

**ശ്രീ. കെ. ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):**

(എ) യും (ബി) യും (സി) യും

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

കഴിഞ്ഞ 3 വർഷമായി മണലൂർ നിയോജക മണ്ഡലത്തിലെ 10 തീരദേശ റോഡുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇവയിൽ 3 പ്രവൃത്തികൾ പൂർത്തീകരിച്ചു. ശേഷിക്കുന്ന 7 പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഇത് സംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

ഫിഷറീസ് വകുപ്പ്.

കഴിഞ്ഞ 3 വർഷങ്ങളിലായി മണലൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ആഫീസർ**

# ലിസ്റ്റ്

## മണലൂർ നിയോജക മണ്ഡലത്തിലെ തീർദേശ റോഡുകളുടെ ലിസ്റ്റ്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | ചെലവായ തുക (ലക്ഷത്തിൽ) | റിമാർക്സ് |
|---|---|---|---|---|
| 1 | അഞ്ചങ്ങാടി ആലുങ്കൽ ക്ഷേത്ര ലിങ്ക് റോഡ് - വാടാനപ്പിള്ളി പഞ്ചായത്ത് വാർഡ് - 14 | 17.00 | 16.203 | പൂർത്തീകരിച്ചു. |
| 2 | ഫറൂക്ക് നഗർ റഹ്മത്ത് നഗർ റോഡ് - ചാവക്കാട് താലൂക്കിലെ വാടാനപ്പിള്ളി പഞ്ചായത്ത്. | 10.00 | 10.63 | പൂർത്തീകരിച്ചു. |
| 3 | മൊയ്തീൻ പള്ളി പൊക്കഞ്ചേരി റോഡ് വാർഡ് - 1 വാടാനപ്പിള്ളി പഞ്ചായത്ത് | 37.50 | 35.733 | പൂർത്തീകരിച്ചു. |
| 4 | അഹമ്മദ് മെമ്മോറിയൽ റോഡ് വാർഡ് -6 | 13.50 | - | പുരോഗമിച്ചു വരുന്നു. |
| 5 | ഗാന്ധിജി റോഡ് | 9.50 | - | പുരോഗമിച്ചു വരുന്നു. |
| 6 | ശാന്തി റോഡ് - വാർഡ് 17-18 | 19.00 | - | പുരോഗമിച്ചു വരുന്നു. |
| 7 | ഫ്രണ്ട്സ് റോഡ് വാർഡ് - 15 | 12.00 | - | പുരോഗമിച്ചു വരുന്നു. |
| 8 | തണ്ടാഴിപ്പാടം റോഡ് വെങ്കിടങ്ങ് പഞ്ചായത്ത് | 36.00 | - | പുരോഗമിച്ചു വരുന്നു. |
| 9 | പ്രിയദർശി റോഡ് വെങ്കിടങ്ങ് പഞ്ചായത്ത് | 24.00 | - | പുരോഗമിച്ചു വരുന്നു. |
| 10 | ആൽത്താര ലിങ്ക് റോഡ് വെങ്കിടങ്ങ് പഞ്ചായത്ത് | 36.00 | - | പുരോഗമിച്ചു വരുന്നു. |
| | ആകെ | 214.50 | 62.566 | |

അനുബന്ധം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | 2011-12 | 2012-13 | 2013-14 | തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഭവന നിർമ്മാണം | | 2 യൂണിറ്റ് | | 250000/ | പൂർത്തീകരിച്ചിട്ടില്ല |
| 2. | ഭവന പുനരുദ്ധാരണം | | | 5 യൂണിറ്റ് | 210000/ | പൂർത്തീകരിച്ചിട്ടില്ല |
| 3. | സമ്പാദ്യ സമാശ്വാസ പദ്ധതി | 130 പേർ | 126 പേർ | 114 പേർ | 640575/- | |
| 4. | സാമൂഹ്യമത്സ്യകൃഷി | | | 2.70 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. | | |

<u>മത്സ്യസമൃദ്ധി</u>

| 2012-13 | | | 2013-14 | | |
|---|---|---|---|---|---|
| മത്സ്യകർഷകരുടെ എണ്ണം | വിസ്തീർണ്ണം(ഹെക്ടർ) | വിതരണം ചെയ്ത മത്സ്യക്കുഞ്ഞുങ്ങളുടെ എണ്ണം | മത്സ്യകർഷകരുടെ എണ്ണം | വിസ്തീർണ്ണം(ഹെക്ടർ) | വിതരണം ചെയ്ത മത്സ്യക്കുഞ്ഞുങ്ങളുടെ എണ്ണം |
| 241 | 21.63 | 160530 | 355 | 39.54 | 356850 |

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി മണലൂർ നിയോജകമണ്ഡലത്തിൽ താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

| പദ്ധതി | അടങ്കൽ തുക (ലക്ഷം) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| കുടിവെള്ള പദ്ധതി | 62.5 | പദ്ധതി നിർവ്വഹണം 95% പൂർത്തീകരിച്ചു. |
| വ്യക്തിഗത ടോയ്‌ലറ്റ് | 15.00 | ഗുണഭോക്തൃ തെരെഞ്ഞെടുപ്പ് പുരോഗമിക്കുന്നു. |
| ലൈബ്രറി സപ്പോർട്ട് | 10.00 | പദ്ധതി നിർവ്വഹണം 75% പൂർത്തീകരിച്ചു. |

സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2014-15-ൽ ഉൾപ്പെടുത്തി മണലൂർ നിയോജക മണ്ഡലത്തിലെ വാടാനപ്പള്ളി മത്സ്യഗ്രാമത്തിൽ ആകെ 199.91 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 1.09.14-ൽ ഭരണാനുമതി ലഭിച്ചു. പദ്ധതി നിർവ്വഹണം പ്രാരംഭ ഘട്ടത്തിലാണ്.

| പദ്ധതി | അടങ്കൽ തുക (ലക്ഷം) |
|---|---|
| കുടിവെള്ള പദ്ധതി | 140.00 |
| വൈദ്യുതീകരണം | 29.91 |
| ഹൈമാസ്റ്റ് ലൈറ്റ് | 24.00 |
| ജീവനോപാധിസഹായം | 6.00 |

13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം നടപ്പിലാക്കുന്ന ഫിഷർമെൻ കോളനി പുനരുദ്ധാരണപദ്ധതിയിൽ ഉൾപ്പെടുത്തി വാടാനപ്പള്ളി മത്സ്യഗ്രാമത്തിൽ വാടാനപ്പള്ളി ഫിഷർമെൻ കോളനിയിൽ ഫിഷറീസ് ഗ്രൗണ്ടിനോട് ചേർന്ന് 46.63 ലക്ഷം അടങ്കൽ തുകയിൽ ലൈബ്രറി കം മിനി കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിനായി ഭരണാനുമതി ലഭിച്ചു. പദ്ധതി നിർവ്വഹണം പ്രാരംഭ ഘട്ടത്തിലാണ്